# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല.

**e-mail: ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-പി6-1615/15 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ ജില്ല, തീയതി. 23.12.2015

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഭരണിക്കാവ് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് - 2013-14 സാമ്പത്തിക വർഷത്തെഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഭരണിക്കാവ്ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ . ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി6-1615/15
തീയതി:23.12.2015

# ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ

# 2013-14 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)** , **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ്.ഗ്രാമപഞ്ചായത്തിന്റെ 2013-14സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.13 മുതൽ 31.03.14 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ - ഇ. വി. മഹേശ്വരി, ഡെപ്യൂട്ടി ഡയറക്ടർ.

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 11.11.2015 മുതൽ 20.11.2015 വരെ | ശ്രീമതി.പി.കെ.വിജയലക്ഷ്മി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.). |
| | ശ്രീ.അനിൽ കുമാർ ആശാരി. ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| | ശ്രീമതി.രാജി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ. |
| | ശ്രീമതി.ഷീബ.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ. |

| പേര് | കാലയളവ് |
|---|---|
| പ്രസിഡന്റ് | |
| ശ്രീമതി.എം.ശ്യാമളാദേവി. | 01.04.2013 മുതൽ 31.03.2014വരെ. |
| സെക്രട്ടറി | |
| ശ്രീ.വി.സോമരാജൻ. | 01.04.2013മുതൽ 31.03.2014 വരെ |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ | |

| | |
|---|---|
| ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി | |
| ശ്രീ. ജി. രമേഷ് കുമാർ. | 01.04.2013 മുതൽ 31.03.2014വരെ. |
| വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി | |
| ശ്രീമതി.കെ.ദീപ. | 01.04.2013 മുതൽ 31.03.2014വരെ. |
| ആരോഗ്യ-വിദ്യാഭ്യാസകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി | |
| ശ്രീമതി.സി.കെ.ഗംഗ. | 01.04.2013 മുതൽ 31.03.2014വരെ. |
| ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി | |
| അഡ്വ. ഇ. നാസർ. | 01.04.2013 മുതൽ 31.03.2014വരെ. |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | കാലയളവ് |
|---|---|---|
| ശ്രീമതി. ഇന്ദുശ്രീ | അസിസ്റ്റന്റ് എൻജിനിയർ | 01.04.2013 മുതൽ 31.03.201 4 വരെ. |
| ഡോ. ബീന | വെറ്ററിനറി സർജൻ | 01.04.2013 മുതൽ 31.03.2014വരെ. |
| ഡോ.ദിവ്യ ജയറാംദാസ് | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01.04.2013 മുതൽ 31.03.2014 വരെ. |
| ഡോ. റസീനാ റാഹേൽ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01.04.2013 മുതൽ 31.03.2014വരെ. |
| ഡോ. ബോബൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01.04.2013 മുതൽ 31.03.2014വരെ. |
| ശ്രീമതി. സലീനാ ബീവി സംസം | ഐ.സി.ഡി.എസ്. സുപ്പർവൈസർ | 01.04.2013 മുതൽ 31.03.2014വരെ. |
| ശ്രീമതി.സാനിദാബീവി. | കൃഷി ഓഫീസർ | 01.04.2013 മുതൽ 31.03.2014വരെ. |
| ശ്രീമതി. ഷൈലജ | വി.ഇ.ഒ | 01.04.2013 മുതൽ 31.03.2014വരെ. |
| ശ്രീ. ജയലാൽ. ബി | വി.ഇ.ഒ | 01.04.2013 മുതൽ 31.03.2014വരെ. |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | വെള്ളാപ്പള്ളി നടേശൻ എൻജി.കോളേജ് -നികുതി നിർണ്ണയം നടത്തിയിട്ടില്ല | 2-1 |
| 13 | തൊഴിൽ നികുതി കൃത്യമായി പിരിക്കുന്നില്ല. | 2-2 |
| 14 | ഷോപ്പിംഗ് കോംപ്ലക്സ് -കടമുറികൾ ഒഴിഞ്ഞുകിടക്കുന്നു. | 2-3 |
| 15 | കമ്മ്യൂണിറ്റി ഹാൾ - ബൈലോ തയ്യാറാക്കിയിട്ടില്ല. | 2-4 |
| | ഭാഗം 3 | |
| 16 | തെരുവ് വിളക്കുകളുടെ വൈദ്യുതിച്ചാർജ്ജ് -കൃത്യത ഉറപ്പാക്കുന്നില്ല | 3-1 |
| 17 | പെയിൻ-പാലിയേറ്റീവ് | 3-2 |
| 18 | പട്ടികജാതിവിഭാഗം വിദ്യാർത്ഥികൾക്ക് പഠനോപകരണം. | 3-3 |
| 19 | വിനിയോഗരേഖ ഹാജരാക്കിയില്ല | 3-4 |
| 20 | തെരുവ് വിളക്ക് വാങ്ങൽ - അപാകതകൾ | 3-5 |
| 21 | നെൽവിത്ത് വിതരണം -അപാകതകൾ | 3-6 |
| 22 | കാർഷികമേഖല - പദ്ധതികൾ മോണിറ്ററിംഗ് നടത്തുന്നില്ല | 3-7 |
| 23 | ഉത്ഘാടനങ്ങൾക്കായി വൻ തുക ചെലവഴിക്കുന്നു. | 3-8 |
| 24 | അംഗൻവാടി അടിസ്ഥാന സൌകര്യങ്ങൾ | 3-9 |
| 25 | തൊഴിലുറപ്പ് പദ്ധതി - ഒരവലോകനം | 3-10 |
| | ഭാഗം 4 | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-2 |
| 33 | ഡപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-3 |

| | | |
|---|---|---|
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം -1

# പൊതു അവലോകനം


# പൊതു അവലോകനം


## 1-1 ബജറ്റ്.

2013-14വർഷത്തെ ബജറ്റ് 20-03-2013 തിയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. ബഡ്ജറ്റ് പ്രകാരമുള്ള ആകെ വരവ് 730827847.00 രൂപയും, ചെലവ് 728247847.00 രൂപയുമാണ്.

**1-2 വാർഷിക ധനകാര്യപത്രിക.**

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2014 | 19.07.2014 | - | - |

**1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.**

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2013-14 | 09/14 | LFGA6-659(19) 08.10.2014 |

**1-4. സാമ്പത്തിക വിശകലനം**

മുന്നിരിപ്പ് :- 16190988

| | | |
|---|---|---|
| വരവ് | :- | 86880403 |
| ആകെ | :- | 103071391 |
| ചെലവ് | :- | 93468071 |
| നീക്കിയിരിപ്പ് | :- | 9603320 |

**1-5. ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം, | 117930 | 11910000 | 12027930 | 11644746 | 383184 | 97% |
| വികസനഫണ്ട് എസ്.സി.പി. | 2345713 | 8846000 | 11191713 | 11052292 | 139421 | 98% |
| വികസനഫണ്ട് ടി.എസ്.പി. | ഇല്ല | 10000 | 10000 | ഇല്ല | 10000 | 0% |
| സംരക്ഷണഗ്രാന്റ് റോഡ് | 1706581 | 5343000 | 7049581 | 6868369 | 181212 | 97% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1279395 | 3126000 | 4405395 | 4292963 | 112432 | 97% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1556866 | 6177982 | 7734848 | 7734848 | | 100% |
| പെർഫോമൻസ് ഗ്രാന്റ് | 1648605 | 3313000 | 4961605 | 2955731 | 2005874 | 60% |
| ബി ഫണ്ട് | | 14893778 | 14893778 | 14893778 | | 100% |

**1-6.പദ്ധതി അവലോകനം.**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 138 | 77611427 | 128 | 16022352 | 106 | 10 | 88 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1) കുടുബശ്രീ റിവോൾവിംഗ് ഫണ്ട്. (പ്രോ.നം.41/14)

2) കുടുബശ്രീ വനിതാഗ്രൂപ്പുകൾക്ക് മുട്ടകോഴിവിതരണം. (പ്രോ.നം.143/14)

3) കുടുബശ്രീ അംഗങ്ങൾക്ക് മുട്ടകോഴിവിതരണം. (പ്രോ.നം.144/14)

4) കുടുബശ്രീ അംഗങ്ങൾക്ക് മാച്ചിംഗ് ഫണ്ട്. (പ്രോ.നം.146/14)

5) ആശ്രയപദ്ധതി (പ്രോ.നം.44/14)

6) കുടുബശ്രീ വനിതാകാന്റീൻ നവീകരണം. (പ്രോ.നം.147/14)

7) ബയോഗ്യാസ്പ്ലാന്റ് വീടുകളിൽ. (പ്രോ.നം.83/14)

8) തോപ്പിൽമുക്ക് അരീപറത്ത് വടക്ക് റോഡ് റീടാറിംഗ്. (പ്രോ.നം.64/14)

**1-7 തനത് വരുമാനം.**

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 96% ശതമാനം/ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3432912 | 3554430 | 121518 | 3.5%(+) |
| നികുതിയേതര വരവുകൾ | 3527331 | 3562176 | 34845 | 1% (+) |
| മറ്റുവരവുകൾ | 266474 | 510251 | 243777 | 91.5%(+) |
| ആകെ | 7226717 | 7626857 | 400140 | 5.53%(+) |

**1-8 ക്ഷേമപദ്ധതികൾ**

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 211800 | 299 |
| കർഷകതൊഴിലാളി പെൻഷൻ | 5846672 | 1257 |
| വിധവാപെൻഷൻ | 5776736 | 854 |
| വാർദ്ധക്യകാലപെൻഷൻ | 808555 | 217 |
| വികലാംഗപെൻഷൻ | 2250015 | 276 |

**1-9 ക്യാഷ് വെരിഫിക്കേഷൻ**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.11.2015 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6414/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

**1-10** <u>ആഭ്യന്തരനിയന്ത്രണം</u>

## <u>രജിസ്റ്ററുകളുടെയും വൗച്ചറുകളുടെയും സൂക്ഷിപ്പ്</u>

ഓരോ മാസത്തേയും തനത് ഫണ്ട്, പ്ലാൻ ഫണ്ട് വൗച്ചറുകൾ ബൈന്റ് ചെയ്യത് സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവയ്ക്ക് നൽകിയ വൌച്ചർ നമ്പറിന്റെ അടിസ്ഥാനത്തിൽ ബിൽ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഇതുമൂലം വൌച്ചറുകൾ എല്ലാം ബിൽ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുന്നത് പ്രയാസകരമാകുന്നു. മാത്രമല്ല, വൗച്ചറിനോടൊപ്പം സൂക്ഷിക്കേണ്ട അനുബന്ധ രേഖകൾ ഒന്നും എല്ലാ വൗച്ചറുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. വൌച്ചറുകൾ പ്രസിഡന്റിന്റെ സാക്ഷ്യപ്പെടുത്തൽ വാങ്ങി ആധികാരികമാക്കുന്നില്ല.

### എ) അഡ്വാൻസ് രജിസ്റ്റർ

അഡ്വാൻസ് രജിസ്റ്ററിന്റെ സൂക്ഷിപ്പ് തൃപ്തികരമല്ല. നാളിതുവരെ നൽകിയിട്ടുള്ള എല്ലാ അഡ്വാൻസുകളും സമയബന്ധിതമായി ക്രമീകരിട്ടില്ല.ഓണം അഡ്വാൻസൊഴികെ മറ്റൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

### ബി) ഡെപ്പോസിറ്റ് രജിസ്റ്റർ

സാംഖ്യ കണക്കുകൾ പ്രകാരം മുന്നിരുപ്പ് 142585 രൂപയും വരവ് 174725 രൂപയും ചെലവ് 223900 രൂപയും നീക്കിയിരുപ്പ് 93410 രൂപയുമാണ്. രജിസ്റ്റർ പ്രകാരം 2004-05 മുതൽ 2013-14 വരെയുള്ള ഡെപ്പോസിറ്റ് തുകകൾ തിരികെകൊടുക്കുവാനുള്ളതായി കാണുന്നു. ഇത് സാംഖ്യ കണക്ക്കളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ഓരോയിനങ്ങളിലുമുള്ള അവയുടെ വർഷംതിരിച്ചുള്ള കണക്ക് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാനുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകളുടെ വർഷംതിരിച്ചുള്ള വിവരം രജിസ്റ്ററിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നില്ല.

### സി) സ്റ്റോക്ക് രജിസ്റ്ററുകൾ

വാങ്ങൽ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ടെങ്കിലും അവയുടെ വിതരണം നീക്കിയിരുപ്പ് എന്നിവ സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലുകളും വരുത്തുന്നില്ല. കംപ്യൂട്ടർപോലുള്ള ഇലക്ട്രോണിക്ക് ഉപകരണങ്ങൾക്ക് പ്രത്യകം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

### ഡി) ആസ്തി രജിസ്റ്റർ

ജി.ഒ.(എം.എസ്.) 255/2013ത.സ്വ.ഭ.വ. തീ.18/07/2013 പ്രകാരം അസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്യുന്നതിന് മാർഗ്ഗനിർദ്ദേശം ഉണ്ടെങ്കിലും ആസ്തി രജിസ്റ്റർ കംപ്യൂട്ടറിൽ തയ്യാറാക്കിയിടുക മാത്രമാണ് ചെയ്യിട്ടുള്ള്ത്. ഇതുമൂലം പഞ്ചായത്തിന്റെ എല്ലാ ആസ്തികളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

**1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.10.2015 | 2015-16(09/15) | 11.11.2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.01.2004 | 2001-02 | 01.01.2005 |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ശ്രീ.വെള്ളാപ്പള്ളി നടേശൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിലെ നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങളുടെ നികുതി നിർണ്ണയം നടത്തിയിട്ടില്ല.

ശ്രീ. വെള്ളാപ്പള്ളി നടേശൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിലെ 23.05.11ൽ നിർമ്മാണാനുമതി നൽകിയ 21332.47ച.മീ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി നികുതി നിർണ്ണയം നടത്തുകയോ, പെർമിറ്റ് പുതുക്കി നൽകുകയോ ചെയ്യിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.11ന് മറുപടി ലഭ്യമാക്കിയില്ല. മേൽ വിഷയം സംബന്ധിച്ച് മുൻ റിപ്പോർട്ടിൽ പരാമർശം ഉണ്ടായിരുന്നിട്ടും നാളിതുവരെയും യാതൊരു നടപടിയും സ്വീകരിക്കാതിരുന്നത് ഉചിതമല്ല. ഇതിന്മേൽ അടിയന്തിരനടപടി സ്വീകരിക്കേണ്ടതും അർഹമായ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

## 2-2 തൊഴിൽ നികുതി, ഡി ആന്റ് ഓ ലൈസൻസ് ഫീസ് എന്നിവ കൃത്യമായി പിരിച്ചെടുക്കുന്നില്ല.

സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

സ്ഥാപനത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽഭരണിക്കാവ് മാവേലി സ്റ്റോറിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.12 (20.11.2015) ന് മറുപടി ലഭ്യമാക്കിയില്ല. നികുതി കണക്കാക്കി ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപരസ്ഥാപനങ്ങളുടെ തൊഴിൽ നികുതി, ഡി ആന്റ് ഓ ലൈസൻസ് ഫീസ് എന്നിവ നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു

1. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.
   ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളുടെ വിവരങ്ങൾ

ഉൾക്കൊള്ളുന്ന രജിസ്ററുകളൊന്നും തന്നെ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ എല്ലാ വ്യാപാരികളുടെയും തൊഴിൽ നികുതി, ഡി ആന്റ് ഓ ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിയ്ക്കാൻ സാധിച്ചില്ല.

2. ലൈസൻസിനുള്ള അപേക്ഷകളിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.
ലൈസൻസിനുള്ള അപേക്ഷകളിൽ പ്രതിദിന വരുമാനം ഉൾപ്പെടെയുള്ള പല വിവരങ്ങളും രേഖപ്പെടുത്തുന്നില്ല. മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയ അനുമതിപത്രം സമർപ്പിക്കാത്തതും അന്വേക്ഷണ റിപ്പോർട്ടില്ലാത്ത അപേക്ഷകളിലും ഡി.ആന്റ്.ഒ ലൈസൻസ് നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 12 ന് മറുപടി ലഭ്യമാക്കിയില്ല. ലൈസൻസിനുള്ള അപേക്ഷകളിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്താതിരുന്നതിനും വ്യാപാരസ്ഥാപനങ്ങളുടെ വിവരങ്ങൾ ചേർത്തുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാതിരുന്നതിനുംഅവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ഷോപ്പിംഗ് കോംപ്ളക്സ് കടമുറി വാടകയ്ക് നൽകിയില്ല - മാർക്കറ്റ് സ്റ്റാൾ വാടക ഈടാക്കിയില്ല.

സ്ഥാപനത്തിലെ ഷോപ്പിംഗ് കോംപ്ളക്സ്,മാർക്കറ്റ് സ്റ്റാൾ എന്നിവയുടെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ളക്സിലെ 17-ാം നം കടമുറി 2012-13 വർഷം മുതൽ ഒഴിഞ്ഞു കിടക്കുന്നതായും മാർക്കറ്റ് സ്റ്റാൾ നം ii ന്റെ വാടകയിനത്തിൽ 2013-14 വർഷത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ളതായും,ഷോപ്പിംഗ് കോംപ്ളക്സിനോട് ചേർന്നുള്ള കെട്ടിടത്തിൽ വാടകയില്ലാതെയും ലൈസൻസില്ലാതെയും വനിതാകാന്റീൻ പ്രവർത്തിച്ചുവരുന്നതായും ശ്രദ്ധയിൽപ്പെട്ടു.ഇവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേക്ഷണം.നം.7,8 എന്നിവയിൽ(19.11.2015) 7 ന് ലഭ്യമാക്കിയിട്ടുള്ള മറുപടിയിൽ വനിതാകാന്റീനിന് ലൈസൻസ് ആവശ്യപ്പെട്ട്കൊണ്ട് 28.10.15 ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ടി കെട്ടിടം ലേലം ചെയ്ത് വാടക ഈടാക്കിയതിനുശേഷം ലൈസൻസ് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.ഓഡിറ്റ് അന്വേക്ഷണം.നം.8 ന് മറുപടി ലഭ്യമാക്കിയില്ല. 17-ാം നം കടമുറി വാടകയ്ക്ക് നൽകാതിരിക്കുന്നത് ,മാർക്കറ്റ് സ്റ്റാൾ നം ii ന്റെ വാടക ഈടാക്കാത്തത് എന്നിവ സംബന്ധിച്ച് അന്വേക്ഷിച്ചതിൽ ടി കടമുറി വാടകയ്ക്ക് നൽകാൻ പറ്റാത്ത വിധത്തിൽ പൊട്ടിപൊളിഞ്ഞു കിടക്കുന്നതിനാലാണ് വാടകയ്ക്ക് നൽകാത്തതെന്നും മാർക്കറ്റ് സ്റ്റാളിന്റെ കുടിശ്ശിക സഹിതം വാടക നൽകണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും സെക്ഷനിൽ നിന്നും വിവരം ലഭിച്ചു.വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കടമുറിയുടെ നം. | വാടകക്കാരന്റെ പേര് | അടക്കേണ്ടിയിരുന്നത് | അടച്ചത് | കുടിശ്ശിക |
|---|---|---|---|---|---|
| 1 | സ്റ്റാൾ നം .2 | നിർമ്മല,<br>ആന്നിയിൽ, ഭരണിക്കാവ് | 257x5=1285<br>270x7=1890 | - | 3175 |
| | | | | ആകെ | 3175 |

വാടക ഇനത്തിൽ പിരിച്ചെടുക്കുവാനുള്ള 3175/- രൂപ പലിശ സഹിതം പിരിച്ചെടുത്ത് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതും 17-ാം നം കടമുറിയിൽ അറ്റകുറ്റപണികൾ നടത്തി ഉപയോഗപ്രദമാക്കേണ്ടതുമാണ്.

## 2-4 കമ്മ്യൂണിറ്റി ഹാൾ ബൈലോ തയ്യാറാക്കിയില്ല

2013-14 അക്കൗണ്ട്സ് പ്രകാരം കമ്മ്യൂണിറ്റി ഹാളിന്റെ വാടകയിനത്തിൽ 6500/- രൂപ വരവ് ലഭിച്ചിട്ടുണ്ട്. വാടക രജിസ്റ്റർ പ്രകാരം 2500/- രൂപ മാത്രമാണ് വരവായി ചേർത്തിട്ടുള്ളത്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേക്ഷണം നം. 6 നുള്ള മറുപടിയിൽ 500/- രൂപ വീതമാണ് ദിവസ വാടക ഈടാക്കിവരുന്നത് എന്നും അപേക്ഷാ ഫോറം പൂരിപ്പിക്കാതെ ചില വ്യക്തികൾ പ്രസിഡന്റ്, ജനപ്രതിനിധികൾ എന്നിവർ ശുപാർശചെയ്ത് ഫ്രണ്ട് ഓഫീസിൽ വന്ന് 500/- രൂപ ഒടുക്കി ഹാൾ ബുക്ക് ചെയ്യാറുണ്ടായിരുന്നു. ടി തുകകൾ രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയിട്ടുള്ളകൊണ്ടാണ് തുകയിൽ വ്യത്യാസം വന്നിട്ടുള്ളതെന്നും ബൈലോ

തയ്യാറാക്കിയിട്ടില്ലായെന്നും പുതിയ പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ വിഷയം അജണ്ടയായി ഉൾപ്പെടുത്തുന്നതാണെന്നും കണക്കിൽ വ്യത്യാസം വന്ന തുകകൾ എത്രയുംവേഗം ഉൾപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മുൻ റിപ്പോർട്ടിലും ടി വിഷയം സംബന്ധിച്ച് പരാമർശിച്ചിട്ടും നാളിതുവരെയും ഹാളിന്റെ സൗകര്യങ്ങൾക്ക് അനുസൃതമായ വാടക ഈടാക്കുന്നതിനോ ശുചീകരണം, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്കുള്ള തുക ഈടാക്കുന്നതിനോ വാടക വ്യവസ്ഥകൾ നിഷ്ക്കർഷിയ്ക്കുന്ന ബൈലോ തയ്യാറാക്കി പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുംവിധം തുക ഈടാക്കുന്നതിനോ ശ്രമിക്കാതിരുന്നത് കുറ്റകരമായ അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു. 1995-ലെ കേരള പഞ്ചായത്ത് രാജ് (ബൈലാകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായി കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്കുള്ള ബൈലോ തയ്യാറാക്കേണ്ടതും അതിൻപ്രകാരം വാടക ഈടാക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തെരുവുവിളക്കുകളുടെ വൈദ്യുതചാർജ്- വിളക്കുകളുടെ കൃത്യത ഉറപ്പാക്കുന്നില്ല.

2013-14 സാമ്പത്തിക വർഷം തെരുവ് വിളക്കുകൾക്ക് വൈദ്യുതച്ചാർജ് ഇനത്തിൽ 1787603/- രൂപ ആകെ ഒടുക്കിയിട്ടുണ്ട്. ഹാജരാക്കിയ കണക്ക് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 2804തെരുവ് വിളക്കുകളാണുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബൾബ് ഇനം | വാട്ട്സ് | ബേണിംഗ് അവേഴ്സ് | എണ്ണം |
|---|---|---|---|---|
| 1 | ഓർഡിനറി | 40 | 12 | 809 |
| 2 | ഓർഡിനറി | 60 | 12 | 145 |
| 3 | ഓർഡിനറി | 100 | 12 | 7 |
| 4 | സിംഗിൾ ട്യൂബ് | 40 | 12 | 1070 |
| 5 | ഡബിൾട്യൂബ് | 2x40 | 12 | 484 |
| 6 | സി.എഫ്.എൽ | 2X11w | 12 | 142 |
| 7 | സി.എഫ്.എൽ | 11w | 12 | 147 |
| 8 | സോഡിയം വേപ്പർ ലാമ്പ് | 250 | 12 | 4 |
| 9 | മെർക്കുറി വേപ്പർ ലാമ്പ് | 125w | 12 | 1 |
| 10 | ഹൈമാസ്റ്റ് | ഓഡിറ്റ് വർഷം സ്ഥാപിച്ചത് | | 2 |

നിലവിൽ 954 ഓർഡിനറി ബൾബുകൾക്ക് ഗ്രാമപഞ്ചായത്ത് വൈദ്യുതചാർജ്ജ് ഒടുക്കുന്നുണ്ട്. എന്നാൽ കെ.എസ്.ഇ.ബി.യുടെ നിലവിലെ താരിഫ് ലഭ്യമാക്കാത്തതുമൂലം മേൽ വിവരിക്കുന്നതിൽ എല്ലാം ഇപ്പോൾ നിലവിലുണ്ടോ എന്ന് വ്യക്തമാകുന്നല്ല. ടി സാമ്പത്തികവർഷം ഗ്രാമപഞ്ചായത്ത് ഓർഡിനറി ബൾബുകൾ വാങ്ങുന്നതിന് പണം മുടക്കിയിട്ടില്ല. ഇതിൽ നിന്നും ഓർഡിനറി ബൾബുകൾ നിലവിലില്ല എന്നനുമാനിക്കേണ്ടിയിരിക്കുന്നു. തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കൃത്യതയില്ലായ്മയാണ് ഇത് വ്യക്തമാക്കുന്നത്. ഈ വിഷയത്തിൽ ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. 07.07.2010 ലെ 37242/ഡിഡി3/2010/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ തദ്ദേശ സ്വയം

ഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഗ്രാമപഞ്ചായത്ത് ഇതിനായി യാതൊരു നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ല. നിലവിൽ വേപ്പർ ലാമ്പുകൾക്കും ഓർഡിനറി ബൾബുകൾക്കും അടയ്ക്കുന്ന തുക പൂർണ്ണമായി ഒഴിവാക്കി തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ച് വൈദ്യുതചാർജ് പരമാവധി കുറച്ചുകൊണ്ടുവരുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 പെയിൻ&പാലിയേറ്റീവ് കെയർ പദ്ധതി-മെഡിക്കൽ ഉപകരണങ്ങൾക്കായി തുക അധികം നൽകി.

നിർവ്വഹണ ഉദ്യോഗസ്ഥ - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

അടങ്കൽ - 1,91,000/- (വികസനഫണ്ട്.)

പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി (പ്രോജക്ട് നം. S0042/14) യുടെ ഭാഗമായി മെഡിക്കൽ ഉപകരണങ്ങൾ (വാട്ടർബെഡ്-27, വീൽചെയർ-26, വാക്കർ-1, എയർബെഡ്-1) ആവശ്യപ്പെട്ട് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് 13.06.13ൽ ഓർഡർ നൽകി.ഇൻവോയിസ് (നം.PRF 302തീ.14.06.13)പ്രകാരം വാട്ടർബെഡ് ഒന്നിന് 900/-രൂപയും വീൽചെയർ ഒന്നിന് 3800/- രൂപയുമാണ് രേഖപ്പെടുത്തിയത്. ഈ ഉപകരണങ്ങളുടെ ഹാന്റ്ലിംഗ് ചാർജ് ഉൾപ്പെടെ 129140/- രൂപ (ബിൽ നം. 01/13-14, തീ. 12.09.13) സ്ഥാപനത്തിന് 13.09.13 ൽ (ഡി.ഡി.നം. 305050) നൽകി. എന്നാൽ വിതരണം ചെയ്തപ്പോൾ (10.10.13, 25.10.13 തീയതികളിൽ) വാട്ടർബെഡ് ഒന്നിന് 910/- രൂപയും വീൽചെയർ ഒന്നിന് 4200/- രൂപയുമാണ് നൽകിയിരിയ്ക്കുന്നത്. ഇത് കാരണം രണ്ട് ഇനങ്ങളും എണ്ണത്തിൽ കുറവ് വന്നു. (24 വീതമാണ് ലഭിച്ചത്) നിരക്ക് വർദ്ധനവ് ക്രമീകരിച്ച് ബാക്കിയുള്ള തുകയ്ക്ക് യൂറോ ബാഗ്, ലാസിക്സ് എന്നിവയും നൽകിയിട്ടുണ്ട് (129140-128671=469).

ഉപകരണങ്ങൾക്ക് അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഉപകരണം. | ഇൻവോയിസ് പ്രകാരം നൽകിയ തുക. (handling charge ഉൾപ്പെടെ.) | നൽകേണ്ടതുക (handling charge ഉൾപ്പെടെ.) | അധികം നൽകിയ തുക |
|---|---|---|---|
| വാട്ടർബെഡ്. | 24300(900x27)+486=24786 | 21600(900x24)+432 = 22032 | 2754 |
| വീൽചെയർ. | 98800(3800x26)+1976=100776/- | 91200/-(3800x24)+1824 = 93024 | 7752 |
| ആകെ | | | 10506 |

ഓഡിറ്റ് എൻക്വയറി നം. 4 നുള്ള മറുപടിയിൽ ഇൻവോയിസിൽ രേഖപ്പെടുത്തിയ നിബന്ധനകളിൽ "Rate of medicine may vary from batch to batch"എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ വിലയിലെ വ്യത്യാസം ചോദ്യം ചെയ്യാനാവില്ല എന്നും നൽകിയ മുഴുവൻ തുകയ്ക്കും സാധനങ്ങൾ വിതരണം ചെയ്തുവെന്നും അറിയിച്ചിട്ടുണ്ട്. വിതരണം ചെയ്യുവാനുണ്ടായ കാലതാമസവും വിലവർദ്ധനവിനു കാരണമായതായി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

തുക മുൻകൂർ നൽകിയ വേളയിൽ കേരളാ സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 22 പ്രകാരം കെ.എം.എസ്.സി.എല്ലുമായി കരാർ ചമച്ചിരുന്നുവെങ്കിൽ തങ്ങളുടെ സ്റ്റോക്കിലുള്ള സാധനങ്ങൾ ഇൻവോയിസ് പ്രകാരമുള്ള തുകയ്ക്ക് നൽകാൻ സ്ഥാപനം ബാദ്ധ്യസ്ഥമാകുമായിരുന്നു. മാത്രവുമല്ല, ഇപ്രകാരം വിലയിൽ മാറ്റം വരുത്തുന്നതിനും, ആവശ്യമായതിൽ കുറവ് ഉപകരണങ്ങൾ വാങ്ങുന്നതിനും കമ്മറ്റിയുടെ അനുവാദം ലഭ്യമാക്കിയിട്ടില്ല. മരുന്നിന്റെ വിലയിൽ മാത്രമാണ് വ്യത്യാസം ഉണ്ടാകുമെന്നുള്ളതിനാൽ ഉപകരണങ്ങളുടെ വിലയിലുണ്ടായ മാറ്റത്തിന് നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ വിശദീകരണം സ്വീകരിക്കുന്നില്ല. സ്ഥാപനത്തിന്റെ ഏകപക്ഷീകമായ തീരുമാനം കാരണം തങ്ങളുടെ ആവശ്യകതയ്ക്ക് അനുസരിച്ച് സാധനങ്ങൾ ലഭ്യമാകാതിരുന്നിട്ടും ഇത് സംബന്ധിച്ച് യാതൊരു തുടർനടപടിയും നിർവ്വഹണ ഉദ്യോഗസ്ഥ സ്വീകരിച്ചതായും കാണുന്നില്ല. ഇക്കാരണങ്ങളാൽ ഉപകരണങ്ങൾക്കായി അധികം നൽകിയ തുക 10506/- ഓഡിറ്റിൽ നിരാകരിയ്ക്കുന്നു.

## 3-3 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം വാങ്ങൽ - ന്യൂനതകൾ

പ്രോജ.നം. 75/14 പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണം എന്ന പദ്ധതിയ്ക്കായി, 499679/- (ബിൽ നം. 714/13-14, തീ. 09.01.2014), 912113/- (ബിൽനം. 953/13-1, തീ. 31.03.14) ഉൾപ്പെടെ 14,11,792/- രൂപ 178 മേശയും 178 കസേരയും വാങ്ങിയതിന് സിഡ്കോയ്ക്ക് നൽകിയിട്ടുണ്ട്.

പരിശോധനയിൽക്കണ്ട ന്യൂനതകൾ :-

*2013-14 സാമ്പത്തിക വർഷം 63 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി (500000/- രൂപ അടങ്കലിൽ) തയ്യാറാക്കിയിരുന്നത്. എന്നാൽ പ്രസ്തുത പദ്ധതിയിൽ മാറ്റം വരുത്തി 115 എണ്ണം കൂടി തുടർന്ന് വാങ്ങുകയും ചെയ്തു. ഇപ്രകാരം ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ടും ഉപകരണങ്ങൾ സ്റ്റോക്കിൽ ചേർത്തിട്ടുണ്ടെങ്കിലും വിതരണം, ബാക്കി എന്നിവ രേഖപ്പെടുത്താത്തതു സംബന്ധിച്ചു നൽകിയ ഓഡിറ്റന്വേഷണത്തിന് (നം 13), ആദ്യം തയ്യാറാക്കിയ പദ്ധതി പ്രകാരം ഓരോ വാർഡിൽനിന്നും 3 ഗുണഭോക്താക്കൾക്ക് വീതം ആനുകൂല്യം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചപ്പോൾ 186 അപേക്ഷകൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം പദ്ധതിയിൽ ഭേദഗതി വരുത്തിയതെന്ന് (തീരുമാനം നം. 5/10/10/13) അറിയിക്കുകയും 2013-14 സാമ്പത്തിക വർഷം രണ്ടുഘട്ടങ്ങളിലായി 96 എണ്ണവും 14 – 15-ൽ 67എണ്ണവും വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കുകയും, ലഭിച്ച അപേക്ഷകരിൽ പലരും ആനുകൂല്യത്തിന് അർഹരല്ലാതി രുന്നതുമൂലമാണ്ഇപ്രകാരം ഉപകരണങ്ങൾ ബാക്കിവന്നതെന്ന് അറിയിച്ചു. ഭൗതിക പരിശോധനയിൽ ബാക്കി 15 മേശയും കസേരയും വിതരണം ചെയ്യാതെ പലതിനും കേടുപാടുകൾ സംഭവിച്ച നിലയിൽ കമ്മ്യൂണിറ്റി ഹാളിൽ സൂക്ഷിച്ചിട്ടുണ്ട്. ഇതിൽനിന്നും അപേക്ഷകരുടെ അർഹത പരിശോധിക്കാതെയും യഥാർത്ഥ അവശ്യകത നിർണ്ണയിക്കാതെയുമാണ് വാങ്ങൽ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാകുന്നു. ആയതിനാൽ തുടർന്നുള്ള വർഷങ്ങളിൽ ഗുണഭോക്താക്കളുടെ അർഹത/ആവശ്യകത ഉറപ്പാക്കിയതിന് ശേഷം മാത്രം വാങ്ങൽ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ കമ്മ്യൂണിറ്റി ഹാളിൽ സൂക്ഷിച്ചിട്ടുള്ള ഉപകരണങ്ങൾ അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയെ ചുമതലപ്പെടുത്തുന്നു. വിതരണവിവരം അറിയിക്കുന്നതുവരെ 118,971/- {[4361x15+2566x15 ] +14.5%വാറ്റ്} രൂപ തടസ്സത്തിൽ വയ്ക്കുന്നു.*

## 3-4 വിനിയോഗരേഖ ഹാജരാക്കിയില്ല -തുക 3700000/- തടസ്സപ്പെടുത്തുന്നു.

1. സാമൂഹിക സുരക്ഷാ വിഷൻ പ്രവർത്തനങ്ങൾക്കുള്ള ധനസഹായമിനത്തിൽ സോഷ്യൽ സെക്യൂരിറ്റി മിഷൻ ഡയറക്ടർക്ക് 2,00,000/-രൂപ ഡി.ഡി.നം. 875899/26/10/2013 ( ബിൽ നം. 18/23/10/13) പ്രകാരം നൽകിയിട്ടുണ്ട്. കൈപ്പറ്റ് രേഖ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയതിനാൽ തുക 2,00,000/-രൂപയും (പ്രോജ.നം.87/14).
2. പ്രോജ. നം. 23/14 എസ്.സി.പി. ഫണ്ടിൽ നിന്നും ബിൽ നം.17/21/10/13 പ്രകാരം 25,00,000/- രൂപയും പ്രോജ. നം. 6/14 പൊതുവിഭാഗം ഫണ്ടിൽ നിന്നും ബിൽ നം.16/21/10/13 പ്രകാരം 10,00,000/- രൂപയും ഉൾപ്പെടെ 35,00,000/- രൂപ ഐ.എ.വൈ. വിഹിതമിനത്തിൽ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. കൈപ്പറ്റ്, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ആയതിനാൽ തുക 35,00,000/- രൂപയും ഉൾപ്പെടെ 37,00,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 തെരുവ് വിളക്കു് ഉപകരണങ്ങൾ വാങ്ങൽ - പോരായ്മകൾ

2013-14 വർഷം സെക്രട്ടറി നടപ്പാക്കിയ (12/14), തെരുവ് വിളക്കു് അറ്റകുറ്റപ്പണി എന്ന പദ്ധതിയ്ക്കായി 1500 (40 w) ട്യൂബ്, 1000 ഇലക്ട്രിക്ക് ചോക്ക് എന്നിവ വാങ്ങിയതിന് 2,99,997/-രൂപ (ചെക്ക് നം. 162233/18/01/14) തനത് ഫണ്ടിൽ നിന്നും എൽകൊ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ ചെലവ് സംബന്ധിച്ച താഴെപ്പറയുന്ന രേഖകൾ ഹാജരാക്കിയില്ല.

എ) സ്ഥാപനം തുക കൈപ്പറ്റിയതിന് രേഖയില്ല.

ബി) ഇലക്ട്രിക്ക് ഉപകരണങ്ങളുടെ ആവശ്യകതാ നിർണ്ണയം നടത്തിയിട്ടില്ല.

സി) പ്രസ്തുത ഉപകരണങ്ങൾ സ്റ്റോക്കിൽ ചേർത്തിട്ടുണ്ടെങ്കിലും ആയതിന്റെ വിതരണം, ഉപകരണങ്ങൾ ഏതെല്ലാം വാർഡുകളിൽ സ്ഥാപിച്ചു, വാർഡുമെമ്പർമാരുടെ സാക്ഷ്യപ്പെടുത്തൽ എന്നിവ സംബന്ധിച്ച രേഖകളില്ല .

ഡി)കെ.എസ്.ഇ.ബി. യുടെ വിനിയോഗ സാക്ഷ്യപത്രം സംബന്ധിച്ച വിവരം എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.9) യാതൊരു മറുപടിയും ഹാജരാക്കിയില്ല. ആയതിനാൽ തുക 2,99,997/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 നെൽവിത്ത് വിതരണം-കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതിയിൽ വ്യത്യാസം.

സമഗ്ര നെൽകൃഷി വികസനം (പ്രോജക്ട് നം. S0030/14) പദ്ധതിയുടെ ഭാഗമായി കേരളാ സ്റ്റേറ്റ് സീഡ് ഡവലപ്മെന്റ് അതോറിറ്റിയിൽ നിന്നും 4800 kg നെൽവിത്ത് വാങ്ങി 150 ഏക്കർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനായി 109 കർഷകർക്ക് നൽകിയിട്ടുണ്ട്.(1,44,000/-, ഡി.ഡി.നം. 284581, തീയതി. 30.01.14) 2013-14 വർഷത്തെ മുണ്ടകൻ-വിരിപ്പ് കൃഷിയ്ക്ക് പ്രൊഡക്ഷൻ ബോണസ് നൽകുന്നതിന് 70,000/-രൂപ (ബിൽ നം. 06/13-14, തീ. 31.03.14) പിൻവലിച്ച് 8 പാടശേഖരസമിതികളിലെ കർഷകർക്ക് നൽകിയിട്ടുണ്ട്. പ്രൊഡക്ഷൻ ബോണസ് അനുവദിച്ച സ്റ്റേറ്റ്മെന്റ് നെൽവിത്ത് വിതരണ രജിസ്റ്ററുമായി ഒത്തുനോക്കിയതിൽ കൃഷിചെയ്ത സ്ഥലത്തേക്കാൾ കൂടുതൽ അളവിൽ വിത്ത് കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്. | കൃഷി സ്ഥലത്തിന്റെ വിവരം | | വിതരണം ചെയ്ത വിത്തിന്റെ അളവ്. |
|---|---|---|---|
| | നെൽ വിത്ത് വിതരണ രജിസ്റ്റർ | പ്രൊഡക്ഷൻ ബോണസ് രജിസ്റ്റർ | |
| നൈനാൻ വർഗ്ഗീസ്. | 50 cent. | 45 cent. | |
| പി.കെ.വാസുദേവൻ. | 190 cent. | 100 cent. | 60.8 Kg |

വിത്ത് വിതരണത്തിലെ അപാകത ഒഴിവാക്കി കൃഷി ചെയ്ത സ്ഥലത്തിന് ആനുപാതികമായി ആനുകൂല്യം നൽകുന്നതിന് ശ്രദ്ധിയ്ക്കേണ്ടതാണ്.

## 3-7 കാർഷികമേഖലയിലെ പദ്ധതികൾ-മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.

തൻവർഷം കൃഷി ഓഫീസർ നിർവഹിച്ച പദ്ധതികൾ

1. <u>പച്ചക്കറിഗ്രാമം-വനിതാഗ്രൂപ്പ്</u>

പ്രോജക്ട് നം. - S024/14

ചെലവ് - 485440/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ബിൽനം - 3/13-14തീ. 28.2.14,4/13-14 തീ.31.3.14.

കാർഷിക സർവ്വകലാശാലയുടെ വെള്ളായണി ഫാം, സ്റ്റേറ്റ് സീഡ് ഫാം, അറുനൂറ്റിമംഗലം എന്നിവിടങ്ങളിൽ നിന്ന് 12.4 കിലോഗ്രാം വിത്തും 12300 പച്ചക്കറിതൈകളും വാങ്ങി 31 വനിതാഗ്രൂപ്പുകൾക്ക് നൽകിയ പദ്ധതിയിൽ നിലം ഒരുക്കൽ, വളം വാങ്ങൽ എന്നിവയ്ക്കും തുക നൽകിയിട്ടുണ്ട്. ഗ്രൂപ്പുകൾക്ക് വിത്ത്, വളം എന്നിവ വിതരണം ചെയ്തതായി ഫയലിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും പദ്ധതിയുടെ ഫലപ്രാപ്തി വിശകലനം ചെയ്തിട്ടില്ല.

2. <u>വീട്ടുവളപ്പിൽ ടിഷ്യൂകൾച്ചർ വാഴയും ടെറസ്സിൽ പച്ചക്കറി കൃഷിയും.</u>

പ്രോജക്ട് നം - S026/14

ചെലവ് - 400125/-

ബിൽനം - 5/13-14, തീ. 31.03.14

പദ്ധതിയുടെ ഭാഗമായി സ്റ്റേറ്റ് സീഡ് ഫാം, അറുനൂറ്റിമംഗലം, ജില്ലാകൃഷിത്തോട്ടം എന്നിവിടങ്ങളിൽ നിന്നായി 8000 പച്ചക്കറിതൈകളും 3.4Kg വിത്തുകളും കെയ്കോയിൽ നിന്നും 7080 ഗ്രോബാഗുകളും, കഴക്കൂട്ടം ബയോടെക്നോളജി ഫാമിൽ നിന്നും 3540 ടിഷ്യൂകൾച്ചർ വാഴ തൈകളും വാങ്ങിയിട്ടുണ്ട്. വിവിധ വാർഡുകളിൽ നിന്നും 708 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഓരോ പായ്ക്കറ്റ് പച്ചക്കറി വിത്ത്, 5 വീതം വാഴ, 10 ഗ്രോബാഗ്, ജൈവവളം എന്നിവ നൽകിയിട്ടുണ്ട്. 21ക്ലസ്റ്ററുകൾ മുഖേനയാണ് വിതരണം നടത്തിയിട്ടുള്ളത്. ഈ പദ്ധതിയിലും വിത്ത്, വാഴതൈകൾ എന്നിവ വിതരണം ചെയ്തതിനു ശേഷമുള്ള തുടർപ്രവർത്തനങ്ങളുടെ വിവരം ലഭ്യമല്ല.

3.<u>സമഗ്രനെൽകൃഷി വികസനം.</u>

പ്രോജക്ട് നം. - S030/14.

ചെലവ് - 4,14,000/-

ബിൽ നം - 2/13-14, തീ. 29.01.14

കേരളാസ്റ്റേറ്റ് സീഡ് ഡവലപ്മെന്റ് അതോറിറ്റിയിൽ നിന്നും 4800kg നെൽവിത്ത് വാങ്ങി 150 ഏക്കർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനായി 109 കർഷകർക്ക് നൽകിയിട്ടുണ്ട്. കൂടാതെ നെൽകൃഷിയ്ക്ക് കൂലിചെലവും നൽകിയിട്ടുണ്ട്. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം നെൽകൃഷിയ്ക്ക് കൂലിചെലവ് അനുവദിയ്ക്കുമ്പോൾ ഗുണഭോക്താക്കളായ കർഷകർ തങ്ങളുടെ വിള ഇൻഷ്വർ ചെയ്തിരിയ്ക്കണം. ഓഡിറ്റ് എൻക്വയറി നം. 10 നുള്ള മറുപടിയിൽ വെള്ളം കയറാൻ സാധ്യതയുള്ള പാടങ്ങൾ മാത്രമാണ് ഇൻഷ്വർ ചെയിട്ടുള്ളത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ, അപേക്ഷകളിൽ മറുപടി സാധൂകരിയ്ക്കത്തക്ക രേഖകൾ ഉൾപ്പെടുത്തിയിരുന്നില്ല. വരും വർഷങ്ങളിൽ പദ്ധതി മോണിറ്ററിംഗിന്റെ വിവരം ഫയലുകൾക്കൊപ്പം സൂക്ഷിയ്ക്കേണ്ടതാണ്.

വികസനഫണ്ടിൽ നിന്നും വൻതുക ചെലവഴിച്ച് ആസൂത്രണം ചെയ്യുന്ന പദ്ധതികളിൽ തുക പിൻവലിച്ച് ഗുണഭോക്താക്കൾക്ക് നൽകുന്നതിൽ പ്രവർത്തനങ്ങൾ അവസാനിപ്പിയ്ക്കുന്ന പ്രവണത ഒഴിവാക്കി, തുടർപ്രവർത്തനങ്ങൾ കാര്യക്ഷമമായി വിലയിരുത്താൻ നിർവഹണഉദ്യോഗസ്ഥർ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 3-8 തൊഴിലുറപ്പു പദ്ധതി-പ്രാഥമിക വിവരങ്ങൾ

<u>തൊഴിലുറപ്പു പദ്ധതി-പ്രാഥമിക വിവരങ്ങൾ</u>

| | | |
|---|---|---|
| 2013-14 വർഷത്തെ ആകെ വരവ് | :- | 22753413 |
| ആകെചെലവ് | :- | 22614259 |
| തൊഴിലിനായി അപേക്ഷ സമർപ്പിച്ചവരുടെ എണ്ണം | :- | 1967 |
| തൊഴിൽ ലഭ്യമായവരുടെ എണ്ണം | :- | 1836 |
| 100 ദിവസ്സം തൊഴിൽ ലഭ്യമായവരുടെ എണ്ണം | :- | 305 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | :- | 131972 |

<u>ഏറ്റെടുക്കപ്പെട്ട തൊഴിലുകളുടെ വിവരങ്ങൾ</u>

| | | |
|---|---|---|
| തോട് പുനരുദ്ധാരണം | :- | 63 എണ്ണം |
| ശുചീകരണ പ്രവർത്തനം | :- | 48എണ്ണം |
| ജലസംരക്ഷണ പ്രവർത്തനം | :- | 127എണ്ണം |
| ആകെ വേലകൾ | :- | 238 |

തൊഴിലിനായി അപേക്ഷിച്ചവർക്കെല്ലാം തൊഴിൽ ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

## 3-9 ഉത്ഘാടനച്ചെലവുകൾക്കായി വൻ തുകയുടെ ചെലവ്

ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ട് ചെലവുരേഖകൾ പരിശോധിച്ചതിൽ നിന്നും ഉത്ഘാടനച്ചെലവുകൾക്ക് വൻ തുക ചെലവഴിക്കുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെച്ചേർക്കുന്നു.

| ഉത്ഘാടനപദ്ധതി | ചെലവിനം | തുക/ വൗച്ചർ നം. | |
|---|---|---|---|
| 4 നംപർ അംഗൻവാടി | പരസ്യം | 4250/- 603/17/12/13 | |
| | വണ്ടിവാടക | 1900/- | |
| | നോട്ടീസ് | 950/- | |
| | സ്റ്റേജ്,ആർച്ച് മുതലായവ | 1300/- | |
| ഹൈമാസ്റ്റ് | യോഗം | 1000/- | വൗച്ചർ നം. 436-438, തീയതി. 30/09/13 |
| | പന്തൽ | 350/- | |
| | പരസ്യം | 1900/- | |
| | ജനറേറ്റർ, സ്റ്റേജ് മുതലായവ | 4200/- | |
| സംപൂർണ്ണ പെൻഷൻ പദ്ധതി | ആഡിറ്റോറിയം, മൈക്ക്, ജനറേറ്റർ | 4750/- 636/17/12/13 | |
| | വണ്ടിവാടക | 2450/- 637/17/12/13 | |
| | ഫോട്ടോ | 1400/- | |

പഞ്ചായത്തിനോട് ചേർന്ന് സ്വന്തമായി കമ്മ്യൂണിറ്റി ഹാളും കസേരകളും ഉള്ള സാഹചര്യത്തിലാണ് ഇപ്രകാരം തുക ചെലവഴിക്കുന്നത് . ചെലവ് 2011-ലെ കേരള പഞ്ചായത്ത് രാജ് അസാധാരണ ചെലവ് ചട്ടങ്ങൾ അനുസരിച്ചായിരിക്കാൻ ഭരണസമിതി, ഉദ്യോഗസ്ഥർ എന്നിവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യവിശകലനം.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന 35 അങ്കണവാടികളിൽ 25 എണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടം ഉള്ളത്. ബാക്കി 8എണ്ണം വാടകകെട്ടിടത്തിൽ പ്രവർത്തിക്കുമ്പോൾ 2 എണ്ണം സ്കൂൾകെട്ടിടത്തിൽ ആണ് പ്രവർത്തിക്കുന്നത്. സ്കൂളിൽ പ്രവർത്തിക്കുന്നത് ഉൾപ്പെടെ 10 എണ്ണത്തിനാണ് വൈദ്യുതിബന്ധം ഉള്ളത്. 22 എണ്ണത്തിന് ടോയ് ലറ്റ് ഉള്ളപ്പോൾ കുടിവെള്ള സൗകര്യം ഉള്ളത് സ്കൂളിൽ പ്രവർത്തിക്കുന്ന 2 അങ്കണവാടികൾക്ക് മാത്രമാണ്. 7 എണ്ണത്തിന് ആണ് ചുറ്റുമതിൽ ഉള്ളത്. അങ്കണവാടികളുടെ അടിസ്ഥാനസൗകര്യ വികസനത്തിൽ

അധികൃതർ വേണ്ടത്ര ശ്രദ്ധ പതിപ്പിയ്ക്കുന്നില്ല എന്നതാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. ആയതിനാൽ, അങ്കണവാടി നടത്തിപ്പ് സംബന്ധിച്ച 22-3-11 തീയതിയിലെ 31055/ഡിസി-2/2011/ ത.സ്വ.ഭ.വ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

--ഇല്ല--

**4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)**

-- ഇല്ല--

**4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)**

--ഇല്ല--

**4-4. വായ്പ/ വായ്പ തിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാ വസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനം. | | | 7936847 | 1500251 | 634968 | 6436596 |

**4-5. സ്ഥിരനിക്ഷേപങ്ങൾ**

--ഇല്ല--

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

--ഇല്ല--

**4-6. ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം വരവില്ല.

**4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-18 | 2010-11 | 5.3.4(1) | തൊഴിൽ പരിശീലനം. | ന്യൂനത പരിഹാരം പത്രിക സമർപ്പിച്ചു. |

**4-8. ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരുപ്പ് ഉൾപ്പെടെ) | : | 103071391 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 93468071 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 3175/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 10506/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4118968/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 3175/- | | ശ്രീ.വി.സോമരാജൻ, സെക്രട്ടറി. |
| 3-2 | | 10506/- | ഡോ. ദിവ്യ ജയറാംദാസ്, എം.ഒ, പിഎച്ച്സി. |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 118971/- | ശ്രീ.വി.സോമരാജൻ, സെക്രട്ടറി. |
| 3-4 | 3700000/- | ശ്രീ.വി.സോമരാജൻ, സെക്രട്ടറി. |
| 3-5 | 299997/- | ശ്രീ.വി.സോമരാജൻ, സെക്രട്ടറി |
| ആകെ | 4118968/- | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു ാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെവിവരം**

ഇല്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ദിവ്യജയറാംദാസ്,<br><br>എം.ഒ.പിഎച്ച്സി. | എം.ഒ., പിഎച്ച്സി, ഭരണിക്കാവ്. | കൃഷ്ണശ്രീ,<br><br>കൊച്ചിയ്ക്കൽ, മാവേലിക്കര. |
| ശ്രീ.വി.സോമരാജൻ, സെക്രട്ടറി. | വിരമിച്ചു. | കൃഷ്ണപ്രിയ, ഇലിപ്പക്കുളം. |

**4-9. <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 മുതൽ<br><br>2005-06 വരെ | എൽ.എഫ്.ജി.എ 5/1832/11/02-02-2012 | |
| 2006-07 മുതൽ<br><br>2009-10 വരെ | എൽ.എഫ്.ജി.എ 5/1577/13/22-05-2014 | |
| 2010-11 | എൽ.എഫ്.എ.പി.6/21/2013/23-02-2013/20-06-2013 | |
| 2011-12 | എൽ.എഫ്.എ.പി.6/1007/14/08-10-2014 | |
| 2012-13 | എൽ.എഫ്.എ.പി.6/234/15/04-04-2015 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.